പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതിലേയ്ക്കായി യുവജന ക്ലബ്ബുകൾക്ക് ബോർഡ് ധനസഹായവും നൽകിവരുന്നു. കൂടാതെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ടീൻസ് ക്ലബ്ബുകൾ മുഖേനയും സാമൂഹിക വിപത്തുകൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ

104 (1689) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അതിബൃഹത്തായ യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുതലത്തിൽ യുവകർമ്മസേന, ബ്ലഡ് ഡോണേഴ്സ് ഫോറം, കാർഷിക ക്ലബ്ബ്, വനിതാക്ലബ്ബ്, ട്രൈബൽ ക്ലബ്ബ്, സ്വയംതൊഴിൽ എക്സ്ചേഞ്ച്, ലേബർ ബാങ്ക് എന്നിവ രൂപീകരിച്ച് തൊഴിൽ പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് യുവജനക്ഷേമ പദ്ധതികളിൽ കൂടുതൽ യുവജനപങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. ഇ.എം.എസ്. സമ്പൂർണ്ണഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി എന്നീ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി സഹകരിക്കുന്നതിനും അതിനു വേണ്ടത്ര പ്രചരണം നൽകുന്നതിനും യുവജനക്ഷേമ വകുപ്പിന് ഈ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മുഖ്യധാരാ ഉത്സവങ്ങളിൽ അവസരം ലഭ്യമാകാത്ത യുവജനങ്ങൾക്ക് സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേരളോത്സവം എന്ന വിപുലമായ പരിപാടിയും നടത്തിവരുന്നു.

മഞ്ചേശ്വരം തുറമുഖ നിർമ്മാണം

105 (1690) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേശ്വരത്ത് തുറമുഖ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly